# RHYTHM

## DIGITAL MAGAZINE

## GHSS PARAMBIL

LITTLE KITES



# GHSS PARAMBIL

പുതിയ ഭാവത്തിലേക്ക്..........

H M: DEEPA.M.R



PTA PRESIDENT



MANOJ

SCHOOL LEADER



JALAL

# EDITORIAL BOARD

## CHIEF EDITORS:

RUBEENA P K : KITE MISTRESS
NUSARATH P V : KITE MISTRESS

THWAYIB BILAL P K-STUDENT EDITOR
NIHAL AHMED -UNIT LEADER

## MEMBERS:

APARNA K V
SHANIBA
HANAN
FABITH
NIFAN
THANISH
AKSHITH

## താളുകളിൽ

ആരോരുമില്ലാ ജീവിതം............6
അശ്വതിബാബു 10 C............6
HAND OF GOD............10
Advantages and disadvantages of social media............12
മദം പൊട്ടിയ ആന............14
THE SMELL OF YOUR WAY............18
ദിൽഷ ഷെറിൻ.ടി 10 A............20
They Bring Back Memories............22
THE FOOT BALL............23
POSITIVE AND NEGATIVE............26
IMPACT OF SOCIAL MEDIA............26
കനിവ് തേടി റിഷാദ.വി.കെ X............29
Sense of Life............36
അയാൾ മാത്രം............37
Memories Bring back to Heart............40
through Some Experiences............40
ഒന്നായി, നാം കൂട്ടിന്............41
I REMEMBER............44
HOW CAN I FORGET............45
ഇക്കിഗായി എന്ന ജീവിത സൂത്രം............47

# ആരോരുമില്ലാ ജീവിതം

അശ്വതിബാബു 10 C

ഉമ്മറത്തെവരാന്തപ്പടിയിൽ ഇരുന്ന് അയാൾ പിറുപിറുത്തു. എന്തിനെന്നറിയില്ല എന്തുകൊണ്ടെന്നും അറിയില്ല. അയാൾ നിശ്ചലനായിരുന്നു. അദ്ദേഹത്തിന്റെ ഇരിപ്പും ഭാവവും കണ്ടാൽ ഒരു മനസികരോഗിയെപ്പോലെത്തന്നെയാണെന്ന് പലരും പറഞ്ഞിരുന്നു. അദ്ദേഹം ആർക്കും ചെവിയോർത്തില്ല.എല്ലാം അദ്ദേഹത്തിന്റെ മനസ്സിൽ ഒരു സ്വപ്നം പോലെ തെളിഞ്ഞുവന്നു ഇരഞ്ഞിമല അതിന്റെ മുകളിൽ ഒരു കൊച്ചു ഓലമേഞ്ഞ ഒരു പുരയിടം. വീടിന്റ അടുത്തേക്ക് പടി ചവിട്ടികയറിയാൽ ആദ്യം തന്നെ ഒരു തുളസ്സിത്തറ അതിന്റെ തൊട്ടടുത്തായി ഒരു കൊച്ചു മൂവാണ്ടൻ മാവ് വീട്ടിലെ ഓരോ ബഹളവുമായി കഴിയാൻ മൂന്ന് മകളും ഉണ്ടായിരുന്നു. താൻ പണിക്ക് പോയിട്ട് വേണമായിരുന്നു തന്റെ ഭാര്യയ്ക്ക് വീട്ടിൽ ഭക്ഷണമുണ്ടാക്കാൻ. അവിടെ പൂമുഖത്തെ കസേരയിൽ ഒന്നുമറിയാതെയും കാണാതെയും തന്നെ പെറ്റ ഒരു അമ്മ അവർക്ക് വേണ്ടിയായിരുന്നു താൻ ജീവിച്ചിരിക്കുന്നത്. കർഷകൻ ആയതിനാൽ ഉച്ചക്ക് ഉണ്ണാൻ അദ്ദേഹം വരുമായിരുന്നു. മുറ്റത്ത് ഓടി കളിക്കുന്ന പിള്ളേര് തന്റെ നിഴൽ കണ്ടാൽ ഓടി അരികിലേക്ക് വരുമായിരുന്നു.

അച്ചനോടുള്ള സ്നേഹത്തിന് മാത്രമായിരുന്നില്ല. തന്റെ കൈയ്യിൽ വല്ല മധുര പലഹാരത്തിനേ ആയിരിക്കും. വീടിന്റെ ഉമ്മറത്തിൻമേൽ മൂന്ന് മക്കളും ഭാര്യയും അമ്മയും എല്ലാവരോടപ്പം. താനും ഭക്ഷണം കഴിക്കുമ്പോൾ അതിന് വേറെ ഒരു രുചിതന്നെയായിരുന്നു. ഒരു കൊച്ചു പാത്രത്തിൽ ഒരിറ്റ കഞ്ഞിയും കഞ്ഞിക്ക് കൂട്ടാനായി വറയിട്ട ചെറുപയറും ഒരു പ്ലാവില കൈയിലും മായിരുന്ന ഏക ഭക്ഷണം. ഇത് കഴിഞ്ഞാൽ ഒരു ഉറക്കം പന്നീട് പാടത്തിലേക്ക് ആ ദിവസം എന്തോന്നില്ലാത്ത ഒരു മഴയും കാറ്റു മായിരുന്നു. വയലിലേക്ക് വരമ്പത്തേക്ക് ഇറങ്ങിയപ്പോൾ ഒരു കൂട്ട നിലവിളി ഉയർന്നു.



"

അയ്യോ... രക്ഷിക്കണേ..." എന്ന ഒരൊറ്റ കരച്ചിൽ മാത്രമായിരുന്നു അയാൾ കേട്ടത്. പിന്നെ എല്ലാം നിശ്ചലമായിരുന്നു. ഒരോരുത്തവരായി പായുന്നത് അയാൾ കണ്ടു പിന്നീട് കാക്ക, നായി,ആന എന്നവയുടെ കരച്ചിലും ഓട്ടവും കണ്ട് അയാൾ ഭയരഹിതനായിരുന്നു. അയാൾ പാടത്തെ പണി വേഗം കഴിച്ച്

തന്റെ വീട്ടിലേക്ക് പോയി. മലയുടെ താഴ്വാരയിൽ ഒരു കൂട്ടം കണ്ട് അയാൾ പാഞ്ഞുചെന്നു. അവിടെ നോക്കിയപ്പോൾ മലയല്ലാം ഇടിച്ചതുപോലെ ഒരു പ്രദേശമത്രമായിരുന്നു. അയാളുടെ കൈകാലുകൾ തളരാൻ തുടങ്ങി. അയാൾ തന്റെ വീടു നോക്കി ഒരു അംശംപ്പോലും തന്റെ വീട് കാണാൻ തന്നെ ഉണ്ടായിരുന്നില്ല.

അയാൾ പരിഭ്രമത്തോടെ ചുറ്റിലും നോക്കി ചുറ്റിലും ഓരോ വാഹനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പായുന്നു. ഒരു വാഹനത്തിന്റെ ശബ്ദം കേട്ട് അയാൾ പിന്നോട്ട് തിരിഞ്ഞ് നോക്കി കുറെ പേര് ചേർന്ന് കുട്ടികളെ വണ്ടിയിലേക്ക് കൊണ്ടുപ്പോകുന്നു. അദ്ദേഹത്തിന്റെ കണ്ണിൽ നിന്നും ഒരിറ്റു കണ്ണീർ വീണു. ആ വണ്ടിയിൽ ഒരു കുട്ടിയുടെ കൈയ്യിൽ താൻ നൽകിയ മധുര പലഹാരം കണ്ടിരുന്നു. അദ്ദേഹത്തിന്റെ ചങ്ക്പൊട്ടി അദ്ദേഹത്തിന് തന്റെ കുട്ടിയാണെന്ന് മനസ്സിലായി. തന്റെ മകന്റെ ദേഹത്ത് ചെടികൾ ഒട്ടിപിടിച്ചിരുന്നു.

അദ്ദേഹം ആർത്തുവിളിച്ചുകരയാൻ തുടങ്ങി. ഒരു ഭ്രാന്തനെപ്പോലെ അയാൾ അങ്ങോട്ടും ഇങ്ങോട്ടും അലയാൻ തുടങ്ങി. അയാൾ വേഗം തന്നെ ആശുപത്രിയുള്ള സ്ഥലത്തേക്ക് ചെന്നു. അവിടെ എന്തെന്നില്ലാത്ത തിരക്ക്.. തനിക്ക് എന്തു ചെയ്യണമെന്ന് അറിയില്ലായിരുന്നു.. പരിചയമുള്ള ഒരാൾ തന്നെവിളിച്ചു. അദ്ദേഹത്തിന് വല്ലാത്ത പരിഭവം ഉണ്ടയിരുന്നു എന്ത് പറയണമെന്ന്. അയാൾ ആത്മധൈര്യത്തോടെ പറഞ്ഞു .എല്ലാം പോയി എന്നു... തന്റെ മക്കളും ഭാര്യയും എല്ലാം. അപ്പോൾ തന്നെ അയാൾക്ക് മനസ്സിലായി അയാൾ ഒരു മാനസികരോഗിയെപ്പോലെ അലഞ്ഞു.



പെട്ടന്ന് ഒരു നിലവിളി കേട്ട് അയാൾ സ്വപ്നത്തിൽ നിന്നും ഉണർന്നപോലെ ചുറ്റിലും നോക്കി. എല്ലാവരും ഭയചകിതരായി ഓടുന്നു. അയാൾ ചിന്തിച്ചു. താൻ ഇനി എന്തിനു ജീവിക്കണം ആർക്കുവേണ്ടി എന്തെന്നറിയാത്ത ഒരു ഭ്രാന്തനെപ്പോലെ സ്വയം ചിന്തിക്കാൻ തുടങ്ങി. ആരെക്കയോ ആർത്തു വിളിക്കുന്നു. അയാൾ മാത്രം വീടിന്റെ വരാന്തയിൽ നിസംഗനായി ഇരുന്നു.

# HAND OF GOD

Khadeeja Arafa
10A

*When I was sitting in a bus*
*I heard a sound*
*I saw thousand images*
*But I smelt only one*
*Which was very favourable one*

*Puzzled at that time*

*And slowly I realized that*

*It was on my back seat*

*The person who saved my life"*
*fishermen"*




*In the time of flood*
*I was suffering from death*
*only a few seconds distance*

*Suddenly a hand of god*
*Took me into the boat*
*And when I opened my eyes*
*I was in hospital*

***"I say thank you to him from my heart"***

# *Advantages and disadvantages of social media*

**Dilsha Sherin 10A**

**There are so many social media s in our world. There is a major role for social media in this modern era. There is no one who didn't have an account in social media s .So many negatives and positives are there in social media. so many peoples are committed to suicides day by day because of some problems come through social media s.**




**The main negative impact of the social media towards children are they feel mental stress, addiction of some dangerous games and mainly they feel disturb in study.Most of the girls are facing many black males through the social media .Not only the girls but also the boys.**

**There is so many websites of studying, It is very helpful. We can call any people in the world. we have to use the social media for good purposes. There are many people and software s which are planned to trap the common people.**

*So be careful while using social media....................*

# THE WIND

**THWAYIB BILAL PK**

*IX A*



THE WIND,THE WIND

THE WIND GOES THROUGH THE FIELD

THE WIND BLOW WITH COOL

THE WIND,THE WIND

THE WIND GOES THROUGH THE GARDEN

THE WIND BLOW WITH FRESH AIR

THE WIND, THE WIND

GOES THROUGH GARDEN AND FIELDS

HELPS THE PLANTS TO DISSEMINATE SEEDS AND POLLEN

THE WIND, THE WIND

THE SOFT WIND

WHICH REMOVE STRESS IN OUR LIFE

# മദം പൊട്ടിയ ആന

കീർത്തന.എം.കെ 10c

നാട്ടിലെ ഉത്സവം ആരംഭിക്കുകയാണ്. ഞങ്ങൾനാളെരാവിലെ വിമാനത്തിൽ കയറി നാട്ടിലെത്തും അമ്മ ഉത്സവത്തെ പറ്റി പറയുമ്പോൾ ഞാൻ കരുതാറുണ്ടായിരുന്നു എനിക്കും ഉത്സവം കാണണമെന്ന്. എന്നാൽ ഒരു പാട് കാലത്തിന് ശേഷം നാളെ ഞങ്ങൾ നാട്ടിൽ എത്തും. ഞങ്ങളുടെ നാട്ടിൽ ഉത്സവവും ഇല്ല ആനയുമില്ല,ചെണ്ടയും ഇല്ല. എന്നാൽ ഇതല്ലാം കാണാനുള്ള ആകാംഷയിലാണിപ്പോൾ. അങ്ങനെ രാത്രി കഴിഞ്ഞു. ഞങ്ങൾ വിമാനത്തിൽ കയറി. ഒരു പാട് സമയം കടന്നു പോയത് ഞാനറിഞ്ഞില്ല. രാത്രി ഞങ്ങൾ നാട്ടിൽ എത്തി. നാളെ ഉത്സവം ആരംഭിക്കും ഇന്ന് ഞാൻ മുത്തശ്ശിയുടെ കൂടെയാണ് കിടന്ന് ഉറങ്ങുക. അങ്ങനെ അന്ന് ഞാൻ മുത്തശ്ശിയെ കെട്ടിപ്പിടിച്ച രാത്രി മുഴുവൻ കിടന്നുറങ്ങി. രാവിലെ ഉണർന്നപ്പോൾ മുത്തശ്ശിയും മുത്തശ്ശനും വയലിൽ ആയിരുന്നു. ഞാൻ വേഗം അവരുടെ അരികിലേക്കു പോയി. എന്നാൽ അവർ വയലിൽ എന്തൊക്കയോകാര്യത്തിൽ ഏർപ്പട്ടുകയായിരുന്നു. ഞാൻ പാടത്തിന്റെ മറുഭാഗത്തേക്ക് നോക്കിയപ്പോൾ ഒരു പാട് തത്തകളെയും ഒരു പാട് കിളികളെയും എല്ലാം കണ്ടു

അങ്ങനെ അന്ന് ഉച്ചയാകുന്നതുവരെ ഞാൻ മുത്തശ്ശനന്റെ കൂടെ കൂടി മുത്തശ്ശൻ ചെയ്യുന്നതെല്ലാം നോക്കി കാണുകയായിരുന്നു. അന്ന് ഞങ്ങൾ ക്ഷേത്രത്തിലേക്ക് പോകുവാൻ പുറപ്പെട്ടു. എന്നാൽ എന്റെ മനസ്സിൽ മുഴുവനും ആനയെ കാണാമെന്നായിരുന്നു. ഉത്സവം മൂന്ന് ദിവസം ഉണ്ട്. ഞങ്ങൾ ക്ഷേത്രത്തിൽ തൊഴുതു. അങ്ങനെ ഉത്സവം കാണാൻ ഇരുന്നു. എന്നാൽ അവിടെ  മറ്റു പരിപാടികളും ഡാൻസും എല്ലാം ആയിരുന്നു. പക്ഷേ ആനയെ കണ്ടില്ല.  എന്നാൽ അന്ന് രാത്രി ഞാൻ ആനയെ കാണാൻ വാശിപിടിച്ചു കരഞ്ഞു. മുത്തശ്ശൻ  എന്നോടു പെറഞ്ഞിരുന്ന ആനവരുക അവസാനത്തെ ദിവസമാണെന്നാണ് ഞാൻ അതിനുവേണ്ടി കാത്തുനിന്നു. എന്നാൽ ഇത്രയും ദിവസങ്ങൾ കടന്നുപോയത് ഞാനറിഞ്ഞില്ല. ഒരുപാട് കളിച്ച് രസിച്ച് നാട്ടിൻപുറത്തെ കാഴ്ച്ചകൾ കണ്ടു ഞാൻ വളരെ സന്തോഷിച്ചു. അങ്ങനെ അവസാനത്തെ ദിവസമെത്തി.

അന്ന് ചെണ്ടകൊട്ടും ആനയും എല്ലാമുണ്ട്. ഘോഷയാത്രയിൽ ഞാനും മുത്തശ്ശിയും പങ്കെടുത്തു. ആന ഞങ്ങളുടെ പിറകിലുണ്ടായിരുന്നു. എന്റെ ശ്രദ്ധ അ ങ്ങോട്ടായിരുന്നു. ഞങ്ങൾ അമ്പലത്തിലെത്തി. ഞാനും മുത്തശ്ശനും ആനയുടെ അടുത്തേക്ക് പോയി. അങ്ങനെ



എനിക്ക് നല്ല സന്തോഷമായി. വീട്ടിലെത്തി സ്കൂളിൽ പോകുമ്പോൾ കുട്ടികളോട് പറയണം എന്നാണ് എന്റെ ആഗ്രഹം. എന്നാൽ കുറച്ച് സമയത്തിനുശേഷം

ആരോ പറയുന്നുണ്ടായിരുന്നു ഓടിക്കോ... ഓടിക്കോ...എന്ന്. എന്റെ കൈയും പിടിച്ച് അമ്മഓടി. ആനയ്ക്ക് മതം പൊട്ടിയെന്നാണ് എന്നാണ് എല്ലാവരും പറയുന്നത്. അങ്ങനെ എല്ലാവരും ക്ഷേത്രത്തിൽ നിന്ന് വെളിയിലേക്ക് ഓടി. എന്നാൽ ഞങ്ങൾ നോക്കുമ്പോൾ ഒരാളുടെ വീട് ക്ഷേത്രത്തിന്റെ മുൻവശത്തായിരുന്നു എല്ലാവരും ഭയചകിതരായി ഓടുമ്പോൾ അയാൾ മാത്രം വീടിന്റെ വരാന്തയിൽ നിസംഗനായി ഇരുന്നു. ആന അയാളിടെ അടുത്തേക്ക് ഓടി വരുന്നത് കണ്ടിട്ടും അയാൾ അവിടെ തന്നെനിന്നു. അത് ഞങ്ങളെ ശരിക്കും അത്ഭുതപ്പെടുത്തി. എന്നാൽ അയാൾക്ക് ഒരാപത്തും ഉണ്ടായില്ല. തിരിച്ച് ഞങ്ങൾ പോകുമ്പോൾ എന്റെ മനസ്സിൽ ഒരുപാട് നല്ല കാര്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അയാൾ എന്തുകൊണ്ട് അവിടെതന്നെനിന്നു എന്നതായിരുന്നു എന്റെ ചിന്ത;അയാൾ ഒരു പ്രതികരണവും ഇല്ലാതെ മറ്റേതെങ്കിലും ലോകത്താവാം .എന്നാൽ എന്റെ മനസിൽ ആ ചോദ്യം ഇന്നും അവശേഷിക്കുന്നു.



# THE SMELL OF YOUR WAY

<u>NIHAL AHMED -9A</u>

*FROM YOUR HOME TO SCHOOL,*

*THE WAY OF HAPPINESS, SAD AND NOTHINGNESS,*

*THE WAY THAT YOU MOST TRAVELLED,*

*THE WAY OF MEMORIES.*



*THE WORDS THAT YOU SAID,*

*THE VIDEOS YOUR EYES RECORDED,*

*THE SOUND THAT YOU HEARD*

*FROM THE WAY OF MEMORIES*

*FROM WHERE YOU STORED,*
*THOUSANDS OF MEMORIES,*
*THAT YOU ACHIEVED,*
*AND MAKING YOU SAD.*

*YOU EXPERIENCED THAT EXPERIENCED,*
*IN THE WAY OF A SMELL,*
*THE SMELL THAT BRING THAT MEMORIES.*

# *സന്നദ്ധ പ്രവർത്തനങ്ങൾ: വിദ്യാർത്ഥികളുടെ പങ്ക്*

*ദിൽഷ ഷെറിൻ.ടി 10 A*

സാമൂഹിക പ്രവർത്തനങ്ങളിലേക്ക് കുട്ടികളെ നയിക്കുന്നത് അവരുടെ ഉള്ളിലെ നന്മയും അതിന് മറ്റുള്ളവർ നൽകുന്ന പ്രോത്സാഹനവുമാണ്.



സന്നദ്ധ സേവനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്ക് വളരെ വലുതാണ്. തിരിച്ച് ഒന്നും പ്രതീക്ഷിക്കാതെ മറ്റുള്ളവരുടെ നന്മക്കായി പ്രവർത്തിക്കുന്നവർ സ്നേഹം ഉള്ളവരും നന്മ നിറടഞ്ഞ ഹൃദയം ഉള്ളവരുമാണ്. നമ്മുടെ നാട്ടിൽ മഹാപ്രളയം നടന്നപ്പോൾ
ഒരുപാട് കുട്ടികൾ തന്റെ ആഗ്രഹങ്ങൾ സാധിക്കാൻ വേണ്ടി ശേഖരിച്ച് വെച്ച പണം ദുരിതത്തിൽ ആയ ആളുകൾക്ക് നിറഞ്ഞ മനസ്സോടെ കൊടുക്കുന്നത് നമ്മൾ ഒരുപാടു കണ്ടു. അത്തരത്തിൽ ഉള്ള കുട്ടികളാണ് നമ്മുടെ നാടിന്റെ സമ്പാദ്യം.




വിദ്യാർത്ഥികളെ ഇതിലേക്ക് നയിക്കുന്നതിൽ വിദ്യാലയങ്ങൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും വലിയ പങ്കുണ്ട്. അവരുടെ

പ്രോത്സാഹനവും മോട്ടിവേഷനുകളും വിദ്യാർത്ഥികളെ നല്ലൊരു വ്യക്തിയാക്കി മാറ്റുന്നു.

വിദ്യാലയങ്ങളിൽ എല്ലാം ഇപ്പോൾ ഒരുപാട് പ്രവർത്തനങ്ങൾ സന്നദ്ധ സേവനത്തിലേക്ക് നയിക്കുന്നതിനായി നടന്നുവരുന്നു. ജെ. ആർ. സി, എസ്. പി. സി, സ്കൗട്ട്.... എന്നിവകളുടെ രൂപീകരണവും പ്രവർത്തനങ്ങളും വിദ്യാർത്ഥികളെ സന്നദ്ധ സേവനങ്ങളിലേക്ക് നയിക്കാനുള്ള പ്രോത്സാഹനവും ആത്മവിശ്വാസവും സാമൂഹികസ്നേഹവും വളർത്തിയെടുക്കുന്നു.
സന്നദ്ധപ്രവർത്തനങ്ങളിൽ വിദ്യാർഥികളുടെ പങ്ക് ഉണ്ടാവുക എന്നത് വളരെ വലിയ ഒരു കാര്യമാണ്. മറ്റുള്ളവരുടെ മനസ്സിലെ വിഷമങ്ങൾ അറിയാനും തിരിച്ച് ഒന്നും പ്രതീക്ഷിക്കാതെ അവർക്ക് വേണ്ടി സ്വന്തം ജീവൻ പണയം വെച്ച് പ്രവർത്തിക്കുക എന്നത് വളരെ വലിയ കാര്യമാണ്

"അന്യജീവിതകി സ്വജീവതം
ധന്യമാക്കും അമലേ വിവേകികൾ"

എന്ന് കുമാരനാശാൻ നളിനിയിൽ പറഞ്ഞത് ഞാൻ ഇപ്പോൾ ഓർക്കുന്നു.

സ്വന്തം ജീവിതം നോക്കാതെ മറ്റുള്ളവരുടെ ജീവിതത്തിന് വേണ്ടി പ്രവർത്തിക്കുകയും അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്യുന്നവരാണ് വിവേകികൾ

# They Bring Back Memories

Muhammed Jasir m k 9A

The big big night's and days have come,
That's of a big flood.
The flood have killed so many,
Some people some animals.
The flood took happiness,
And gave sadness.
Some memories that came from happiness,
Now have went to sadness.

Some houses are crushed,
And to some, houses are not useful.
That was the time all religions became one,
All religions helped many.

# THE FOOT BALL

*THWAYIB BILAL PK*
*IX A*

*THE FOOT BALL, THE FOOT BALL*
*THE GAME OF ELEVEN PLAYERS IN EACH TEAM*
*THE MAGIC PLAY WITH FOOT*
*BUT GOALKEEPER PLAY WITH HAND*

*THE FOOT BALL, THE FOOT BALL*
*THE FOOT BALL GIVES US HAPPINESS*
*IT GIVES US ENJOYMENT AND*
*THE FOOT BALL IS A PART OF OUR LIFE*



*IT GIVES US BELIEF*
*IT GIVES US RELIEF*
*THE FOOT BALL MAKE US GENIUS*
*IT GIVES US SWEAT MEMORIES*

*THE BEST IN THE WORLD*
*THE UNIVERSAL GAME*
*THE REAL GAME OF PEOPLE*
*THE FOOT BALL THE FOOT BALL*

*THE FOOT BALL GIVE US GLOW IN OUR LIFE*

*IT MAKE HERO US IN GAME*

*THE FOOT BALL..... THE BEAUTIFUL GAME*

*WHICH I LIKE THE MOST.*









# POSITIVE AND NEGATIVE IMPACT OF SOCIAL MEDIA

**Nihal Ahmed 9A**

*Social media,one of the most wanted thing in the modern world, is being misused by many people nowadays. This misuse of social media creates a negative impact on it. First of all, the social media helps is in many ways. It give us an alert on the time of disasters. This alert help people to get out of the disaster areas. Such uses gives social media a positive impact on it.*

*Unfortunately, social media is being a threat for the modern world. The hackers and others creates the social media not to use. Almost 65% of the world use social media. This threat rob the information of the users of the social media. This threat should be completely removed to make a social media a good place to handle.*



*The most used application of social media are Facebook , Instagram, and Whatsapp. As 65% of the modern world use social media, this help to give information of any alert. Social media also help us to save some money through making a call through mobile data. These only some uses of social media. It also help us to earn some cash playing games and etc..*

*I prefer social media as a positive impact because it has many uses, although it creates threats and is dangerous. The negative of social media has to be managed. This creates an unwanted talk about social media. Children are also misusing social media. The information about drugs that passes through social media is being a threat to the modern world. Nowadays online shopping has gained its speed. This useful things creates social media as the most wanted sign of the modern world. The social media has its own positive and negative impact to the modern world in many ways. Thank you! Have a nice day.*



# കനിവ് തേടി

റിഷാദ. വി. കെ X

അന്നും പതിവുപോലെ അവൻ ക്ലാസ്സിൽ വൈകി... ദരെ നിന്ന് കണാം സാറ് അവനെ  രൂക്ഷത്തോടെ നോക്കുന്നത് ആ നോട്ടം കണ്ടപ്പോൾ തന്നെ കൈയ്യും കാലും വിറക്കാൻ തുടങ്ങി.




ക്ലാസ്സ് റൂമിന്റെ ഡോറിനരികിൽ എത്താൻ നേരമില്ല സാറ് ദേഷ്യത്തോടെ ചോദിച്ചു... ഒട്ടും അനുസരണ ഇല്ല അല്ലേ നിനക്ക് ? പല തവണയായി ഞാൻ നിന്നോട് പറയുന്നു... ബെല്ല് അടിക്കുന്നതിന് മുൻപ് ക്ലാസ്സിൽ എത്തണമെന്ന്. എന്റെ വാക്കിൻ വില കൽപ്പികാതെ  ദിവസവും നിനക്ക്  ഇത് തന്നെ യാണല്ലോ പതിവ്, എന്ന് ചോദിച്ച് കൊണ്ട്സാറിന്റെ കൈയ്യിലെ ചൂരൽ അവന്റെ കൈകാലിലേക്ക് ഉയന്നു താണു. ഒന്നല്ല... പല തവണ സാറിന്റെ  അടിയുടെ വേദനയുടെ കാഠിന്യവും വിശപ്പിന്റെ കാഠിന്യവും അവനെ വല്ലാതെ തളർത്തി. നേരം വൈകി വന്നതിന് കൂടെ സാറിന്റെ പണിഷ്മെറന്റും സാറിന്റെ ക്ലാസ്സ്

കഴിയുന്നത് വരെ മുട്ടുകാലിൽ നിൽക്കുക... പത്തു മിനിറ്റോളം നിന്നപ്പോഴേക്കും ശരീരം ആകെ തളരുന്നത് പോലെ... രാവിലെ ഒന്നും കഴിക്കാത്തതുകൊണ്ടാവാം എങ്ങനെയോ സാറിന്റെ ക്ലാസ്സ് കഴിയുന്നത് വരെ പിടിച്ചു നിന്നു...



പതിവു പോലെ ഉച്ചക്ക് ഭക്ഷണം കഴിക്കാൻ വേണ്ടി എല്ലാവരും ലഞ്ച് ബോക്സ് എടുത്തു മുൻപിൽ വെച്ചു. അത് കണ്ട് അവൻ മെല്ലെ പുറത്തേക്കിറങ്ങി പൈ പിൻ ചുവട്ടിൽ പോയി വയറു നിറയെ വെള്ളം കുടിച്ചു എന്നും അതുതന്നെയാണ് അവന്റെ ഭക്ഷണം. സ്കൂളിന്റെ മുറ്റത്തായി ഒരു മാവ് ഉണ്ട് , അതിന്റെ ചുവട്ടിൽ പോയി ഇരുന്ന് ഓരോന്ന് ആലോചിച്ച് കൊണ്ട് ഇരിക്കുമ്പോഴാ അവന്റെ തോളിൽ ആരോ മെല്ലെ തട്ടിയത്... നോക്കുമ്പോൾ മാഷ്... ഞെട്ടലോടെ, അതിലെറെ പേടിയോടെ അവൻ ചാടി എഴുന്നേറ്റു.

നീ ഭക്ഷണം കൊണ്ടു വന്നില്ലേ ഇന്ന് ?

മാഷിന്റെ ചോദ്യത്തിന് ഒരു മറു പടി പറയാൻ അവന് പറ്റിയില്ല...

എന്താ റാഷിദ് നീ ഇന്ന് ഭക്ഷണം കൊണ്ടു വന്നില്ലേ ?

ഭക്ഷണം എടുക്കാൻ മറന്നുപോയി മാഷേ.

അധ്യാപകനോട് കള്ളം പറയാൻ പാടില്ല എങ്കിലും പക്ഷെ അവൻ ഒരുകള്ളം തട്ടി വിട്ടു. പിറ്റേന്നും പതിവു പോലെ പാതി വഴിയിൽ എത്തിയപ്പോൾ തന്നെ പ്രാർഥന ചൊല്ലുന്നത് കേട്ടു... ഇന്നത്തെ എന്റെ കാര്യം പോക്കാ... അവൻ മനസ്സിൽ പറഞ്ഞു.



ഇന്ന് ഒരു

പക്ഷെ വൈകുന്നേരം വരെ നിൽക്കേണ്ടി വരും പടച്ചോനെ... ഓടി... തേഞ്ഞു തീരാറായ അവന്റെ ചെരുപ്പിന്റെ വള്ളി പൊട്ടി അവൻ നിലം പതിച്ചു. ക്ലാസ്സ് റൂമിന്റെ മുൻപിൽ എത്തിയതും പേടിയോടെ അവൻ സാറിനെ ഒന്ന് നോക്കി കൊണ്ട് സ്ഥിരം കിട്ടാറുള്ള അടിക്ക് വേണ്ടി അവൻ കൈ നീട്ടി കണ്ണ് അടച്ചു പിടിച്ചു പക്ഷെ പതിവു പോലെ സാറിന്റെ കൈയ്യിലെ വടി അവന്റെ കൈയിൽ ഉയർന്നു താണില്ല അതിന് പകരമായി ആ അദ്യാപകൻ അവനെ ചേർത്ത് പിടിച്ചു കൊണ്ട് നെറ്റിയിൽ ചുംബിച്ചു. അവൻ ആ അധ്യാപകന്റെ മുഖത്തേക്ക്

അത്ഭുതത്തോടെ നോക്കി ആ നോട്ടത്തിൽ അർത്ഥം മനസ്സിലാക്കിയ അദ്ധ്യാപകൻ അവനോട് പറഞ്ഞു... അവിടെ പോയി ഇരുന്നോ... എന്താവും മാഷിന് പെട്ടന്ന് ഒരു മാറ്റം എന്ന ചിന്ത മാത്രമായിരുന്നു അവന്റെ മനസ്സിൽ... പതിവുപോലെ ഉച്ചക്ക് ഭക്ഷണം കഴിക്കാൻ സമയം ആയപ്പോൾ സ്ഥിരം ഇരിക്കാറുള്ള മാവിൻ ചുവട്ടിൽ സ്ഥാനം പിടിച്ചു.




പെട്ടന്ന് അവന്റെ തോളിൽ ആരോ തട്ടി. നോക്കുമ്പോൾ അവന്റെ ക്ലാസ്സ് അദ്യാപകൻ തന്നെ. നീ ഇന്നും ഭക്ഷണം കൊണ്ടുവന്നില്ലേ ? മാഷേ ഞാൻ... അവന് വാക്കുകൾമുഴുവൻ ആക്കാൻ കഴിയുന്നതിന് മുൻപ് തന്നെ അവന്റെ തോളിൽ കൈയിട്ടുകൊണ്ട് പറഞ്ഞു നീ ഇങ്ങുവാ നിനക്കും കൂടിയുള്ള ഭക്ഷണം ഞാൻ കൊണ്ടു വന്നിട്ടുണ്ട്. നീ ഇങ്ങ് വാ റാഷിദേ... എന്ന് പറഞ്ഞു കൊണ്ട് അവൻ എന്തെങ്കിലും പറയുന്നതിനു മുൻപ്തന്നെ അവനെയും വിളിച്ചോണ്ട് സാറ് സ്റ്റാഫ് റൂമിലേക്ക് നടന്നു. സാറിന്റെ അരികിലായി അവനെ ഇരുത്തിയിട്ട് ഒരു പൊതി ചോറ് അവന്റെ മുൻപിലേക്ക് വെച്ചുകൊടുത്തു കൊണ്ട് സാറ് പറഞ്ഞു കഴിക്ക്... അവന്റെ കണ്ണുകൾ നിറഞ്ഞ് ഒഴുകി... കണ്ണുകൾ തുടച്ചുകൊണ്ട് അവൻ

പറഞ്ഞു കഴിക്കാം സാറെ... അവൻ ആ പൊതിച്ചോർ കഴിക്കാൻ തുടങ്ങി... അപ്പോഴും കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ഇത്തവണ മാഷ് അത് കണ്ടുപിടിച്ചു... എന്നിട്ട് ചോദിച്ചു എന്താ റാഷിദേ നീ കരയുന്നത്? ഭക്ഷണം കഴിക്കുമ്പോൾ കരയാൻ പാടില്ല വേഗം കഴിച്ചു എഴുന്നേൽക്ക്,അന്റെ സങ്കടം കണ്ടിട്ടാവാം മാഷ് അങ്ങനെ പറഞ്ഞത്.

ഭക്ഷണം കഴിച്ചു കഴിഞ്ഞു ക്ലാസ്സ് റൂമിലേക്ക് പോവാൻ നിന്ന അവനെ മാഷ് വിളിച്ചു, റാഷിദേ.. ഒരു കാര്യം ചോദിക്കാനുണ്ട്.. നീ ഇങ്ങവന്നേ... അവൻ സ്ഥിരം ഇരിക്കാറുള്ള മാവിൻ ചുവട്ടിലേക്ക് ആയിരുന്നു അവനെയും വിളിച്ചോണ്ട് സാറ് പോയത്. ആദ്യം തന്നെ ഞാൻ നിന്നോട് സോറി പറയുന്നു... അത് കേട്ടതും അവൻ അത്ഭുതത്തോടെ സാറിനെ തന്നെ നോക്കി കൊണ്ട് ചോദിച്ചു, എന്നോട് സോറി പറയുന്നോ..? ഇന്നലെ എന്റെ ക്ലാസ്സ് കഴിയും വരെ കാര്യം അറിയാതെ നിന്നെ ഞാൻ മുട്ടുകാലിൽ നിർത്തിയില്ലേ അതിൻ സോറി ട്ടോ റാഷിദേ...

അല്ലാഹ്...മാഷേ,,

വേണ്ടാ... ഒന്നും പറയണ്ടാ, ഇന്ന് ഞാന കണ്ടു നിന്നേ... രാവിലെ ഞാൻ നടക്കാൻ ഇറങ്ങിയപ്പോൾ പേപ്പറും കൊണ്ട് വീടായ വിട് മുഴുവൻ നീ കയറി ഇറങ്ങുന്നത്.. ആ ജോലി കഴിഞ്ഞിട്ടല്ലേ നീ സ്കൂളിൽ വരുന്നത്. ഇനി മോൻ പറ.. നിന്റെ വീട്ടിൽ ആരെല്ലാം ഉണ്ട്..?

എനിക്ക് ഒരു അനിയത്തി ഉണ്ട് പിന്നെ ഉപ്പയും

അപ്പോൾ നിന്റെ ഉമ്മ ?

എനിക്ക് ഉമ്മയില്ല മാഷേ..അനിയത്തിക്ക് രണ്ട് വയസ്സുള്ളപ്പോൾ ഉമ്മ മരിച്ചു.

ഉപ്പയെന്തു ചെയ്യുന്നു ?

ഉപ്പക്ക് ജോലിക്ക് ഒന്നും പോവാൻ പറ്റില്ല മാഷേ ഒരു ഭാഗം തളർന്നു കിടപ്പിലാണ്. അത് പറയുമ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു ഒഴുകുന്നുണ്ടായിരുന്നു.

ഉപ്പാക്ക് ചികിത്സ ഒന്നും ചെയ്യാൻ ആരും സഹായിച്ചില്ലേ..?

ആദ്യം ആദ്യം എല്ലാവരും സഹായിച്ചു പിന്നെ ആരും തിരിഞ്ഞ് നോക്കാറില്ല പേപ്പർവിറ്റ് വന്ന് അനിയത്തിയെ സ്കൂളിൽ പറഞ്ഞു വിട്ട് ഉപ്പാന്റെ കാര്യങ്ങൾ എല്ലാം കഴിഞ്ഞിട്ടാണ് ഞാൻ സ്കൂളിലേക്ക് വരുന്നത് മാഷേ അതു കൊണ്ടാണ് ഞാൻ വരാൻ വൈകുന്നത്.ആ അദ്ധ്യാപകന്റെ കണ്ണ് നിറഞ്ഞു.

മാഷേ എന്ത് പറ്റി..?മാഷേ... കണ്ണ് നിറഞ്ഞത് ?..



അതിൻ മറുപടി അവനെ ചേർത്തു നിർത്തിക്കൊണ്ട് അവന്റെ കവിളിൽ ഒരു ചുംബനംമായിരുന്നു.പിന്നീടുള്ള ദിവസങ്ങളിൽ എന്നും മുടങ്ങാതെ അവൻ ഭക്ഷണം കൊണ്ട് വരുന്നത് അവന്റെ അദ്ധ്യാപകനായിരുന്നു.. സ്നേഹത്തോടെ അവനെ ഊട്ടുമ്പോൾ ആ അധ്യപകൻ അവന്റെ മാതാവും പിതാവും എല്ലാമായിരുന്നു...

# Sense of Life

Abhay M S
10A

Life is a sense of mystery,
It’s the journey taken by
Destiny of life and the form of good welcomes,
Sense of light are are the life of new lights.




Great hearings, are the welcoming of good voice.
Heart touching lines are the,
Good birth of great poems;
The good form the great stories.

The men are the captain of the world
The forming of good worlds,
Are through sense of the words of god.
And the great thoughts form a good world.

# അയാൾ മാത്രം

അലീന .വീ.കെ 8c

എല്ലാവരിൽ നിന്നും വ്യത്യസ്തനായ ഒരാൾ. പേര് നിഗാസ്. അദ്ദേഹം ആരോടും ഒന്നും മിണ്ടാറില്ല. ഒരു വർഷം മുമ്പ് ഒരു പ്രത്യേക ജീവി അദ്ദേഹത്തിന്റെ ഭാര്യയെ

അക്രമിച്ചു. ഭാര്യ മരണപ്പെട്ടു.ഭാര്യയുടെ മരണത്തിന് ശേഷം അദ്ദേഹം ആരോടും സംസാരിക്കാതെയായി. എല്ലാവരിൽ നിന്നും വ്യത്യസ്തനായി. ഭാര്യയുടെ ശേഷം

അദ്ദേഹത്തിന്റെ മകനും അതേ ജീവിയുടെ അക്രമണത്തിൽ മരിച്ചുപ്പോയി. പിന്നെ

അദ്ദേഹം വെറും ശരീരം മാത്രമായി. അദ്ദേഹം ഒന്നിനേയും ഭയന്നില്ല. ആ ആക്രമണത്തിൽ ഭാര്യയുടെയും കുഞ്ഞിന്റെയും മരണം കൂടാതെ ഒരുപാടുപേർക്ക് സ്വന്തക്കാരെ നഷ്ടപ്പെട്ടു.



കൊടും വനത്തിൽ നിന്നും കുറെ പേർ ഭയന്നോടി.

വീടുമാറാൻ നിവൃത്തിയില്ലാത്തവർ പേടിച്ച ജീവനൊടുക്കി. പക്ഷെ അദ്ദേഹം

മാത്രം വെറും ജീവശവം പോലെ ഒരുപേടിയും കൂടാതെ അവിടെ വസിച്ചു. തന്റെ ഭാര്യയുടെയും മകന്റെയും ഓർമയിൽ അയാൾ അവിടെ വിട്ടുപോയില്ല. ജീവനിൽ
അദ്ദേഹത്തിന് പേടിയില്ല. ആ മൃഗത്തിനെ കീഴടക്കാൻ ആരും ധൈര്യപ്പെട്ടില്ല. പക്ഷെ ഒരാൾ ആ മൃഗത്തിനെ കീഴടക്കാൻ വന്നു. അദ്ദേഹം മരണം വരെ പൊരുതി. പക്ഷെ ആ മൃഗത്തിനെ നശിപ്പിക്കാൻ അവർക്ക് സാധിച്ചില്ല. എല്ലാവരും ആ മൃഗത്തിനെ പേടിച്ചു ജീവിച്ചു. ആരും അധികവും വീട്ടിൽ നിന്നും പുറത്തുവരാതെയായി. പക്ഷെ നിഗാസ് മാത്രം പേടിച്ചില്ല. ആ ജീവിയുടെ രൂപം
മനുഷ്യന്റെ ഇരട്ടി നീളവും പർവതം പോലത്തെ ശരീരവും ആയിരുന്നു. ആ ജീവി
ആ നാട്ടിലെ പകുതി പേരുടേയും ജീവൻ കൊണ്ടുപോയി.

ഒരു ദിവസം രാത്രി അദ്ദേഹം ഭാര്യയേയും കുഞ്ഞിനേയും സ്വപ്നത്തിൽ കണ്ടു. അവർ അദ്ദേഹത്തോടു പറഞ്ഞു"എന്നെയും മകനെയും നാട്ടുകാരുടെയുമെല്ലാം ജീവനെടുത്ത ആ ജീവിയെ കീഴ്പ്പെടുത്തണം.അതിനുനിങ്ങൾക്കു സാധിക്കും ". പെട്ടെന്ന് അദ്ദേഹം ഞെട്ടിയുണർന്നു. അദ്ദേഹം സ്വയം പറഞ്ഞു : എനിക്കു സാധിക്കും എനിക്കതിന് സാധിക്കും എന്ന്.
ഒരു ദിവസം അപ്രതീക്ഷിതമായി ആ ജീവി വീണ്ടും വന്നു. എല്ലാവരും ഭയചകിതരായി ഓടി അയാൾ മാത്രം വീടിന്റെ വരാന്തയിൽ ഇരുന്നു. പക്ഷെ ആ തവണ ആ ജീവിക്ക് ആരെയും ഒന്നും ചെയ്യാൻ സാധിച്ചില്ല. ആ ജീവിയെ അദ്ദേഹം കീഴ്പ്പെടുത്തി. അദ്ദേഹത്തിന്റെ ഭാര്യയെയും മകനെയും ബന്ധുക്കളെയും നാട്ടുക്കാരെയും കൊന്ന സങ്കടത്തിൽ ഇനി ആർക്കും ഒരു ആപത്തും വരരുതെന്ന
വാശിയോടെ ആ മൃഗത്തെ കൊക്കയിലേക്കു തള്ളിയിട്ടു. പിന്നീട് ആ നാട്ടുകാർ സന്തോഷത്തോടെയും സമാധാനത്തോടെയും ജീനിച്ചു.അദ്ദേഹം അവരുടെ ഭാര്യയുടെയും മകന്റെയും നല്ല ആ ഓർമയിലും.

[redacted]

# Memories Bring back to Heart through Some Experiences

Dilsha Sherin 10A

Senses make so many experiences,
That we can't forget till our death...

When we experience any sense
It will bring many memories to our mind...

Senses like smell, touch, sight, and hearing,
Are the main senses
That takes us to memories...




Some memories comes to our mind very fast,
While viewing someone or something
Or smell something,
Or hear something
Or while touching something...

The smell, touch, sound or images,
Brings back memories to our mind,
Very fast...
That make many feelings
To our heart.

# ഒന്നായി, നാം കൂട്ടിന്..

- സുമയ്യ എൻ. വി.
4C

നമ്മുടെ സഹോദരങ്ങളിൽ ഒരാൾ പ്രയാസമനുഭവിച്ചാൽ അതിനേക്കാൾ വേദനിക്കുന്നത് നമ്മൾക്കാണ്.ഇരു ഹൃദയങ്ങളായാലും ഒറ്റക്കെട്ടായി മുന്നോട്ട് പോവുന്ന പ്രവണത.

ഏത് പ്രതിസന്ധിയും മറികടക്കാൻ നാം ഒന്നായി നിന്നാൽ സാധിക്കുന്നതാണ്. എവിടെയും സന്നദ്ധമായി പ്രവർത്തിക്കാനുള്ള ഉണർവ് വിദ്യാർത്ഥികളുടെ ഭാവിക്ക് വൻമുന്നേറ്റം നേടികൊടുക്കും. നാം എവിടെയും മടിയില്ലാതെ പ്രവർത്തിക്കാൻ തയ്യാറാവണം.



നമ്മുടെ സമൂഹത്തിൽ സന്നദ്ധ സേവനം നിറഞ്ഞവരും ഒട്ടും ഇല്ലാത്തവരുമായ ധാരാളം പേരുണ്ട്. സന്നദ്ദമായി പ്രവർത്തിക്കുന്നത് മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചു പറ്റാനാവരുത്.മറിച്ച് അത് എന്റെ നാട് അല്ലെങ്കിൽ അമ്മ എന്ന രീതിയിൽ പ്രവർത്തിക്കണം.

ഉദാഹരണമായി സമൂഹത്തിൽ ചൂണ്ടിക്കാട്ടാൻ ഒരുപാടു പേരുണ്ട്. മഹാ വ്യസ്ഥിതിയേറിയ ഈ സമൂഹത്തിൽ സന്നദ്ധർ ധാരാളമാണ്. അതിനാൽ നമ്മൾ വിദ്യാർത്ഥികളുടെ പങ്കും ഏറെയാണ്.

വിദ്യാലയങ്ങളിലും സമൂഹത്തിലും നാം സന്നദ്ധമായി പ്രവർത്തിക്കുന്നുണ്ട്.ആത്മാർത്ഥമായി പ്രവർത്തിക്കുന്ന കുരുന്നുകൾ നാളെയുടെ പ്രത്യാശയാണ്. ചിലപ്പോൾ അവർ നാടിനുതകുന്ന പ്രവർത്തകനായി തീരും.അവർ നമ്മളെ നാം വസിക്കുന്ന സമൂഹത്തിന് എങ്ങനെ ഫലപ്രദമായ ഗുണം ചെയ്യാമെന്ന് കാണിച്ച് തന്നു.

ഇന്നത്തെ വിദ്യാർത്ഥികൾ പ്രവാഹെസനദദധരാ
-യി പ്രവർത്തിച്ച ഓരോത്തരും നമുക്കരു മാത്രകയാണ്.അവർ നമമളെ നാം വസിക്കുന്ന
സമൂഹത്തിന് എങ്ങനെ ഫലപ്രദമായ ഗുണം
ചെയ്യാമെന്ന് കാണിച്ച്തന്നു.

ഇന്നത്തെ വിദ്യാർഥികൾപ്രവാഹസന്നദ്ധമായി. നിൽക്കുന്ന കാർമേഘം പോലെയാണ് പെയ്യാൻ വിതുമ്പിനിൽക്കുന്ന കാർമേഘംപോലെ നല്ല സേവനമനുഷ്ഠിക്കാൻ തുടിക്കുകയാണ് ഓരോരുത്തരുടേയും ഹൃദയം.

സാഹചര്യത്തിനനുസരിച്ച് പ്രവറ്ത്തിക്കാന് കഴ്യുന്നവരാവണം നാം.

സമൂഹത്തിലെ യാദനകള് തിരിച്ചറിഞ്ഞ് പ്രവറ്ത്തിക്കാൻ നമുക്ക് സാധിക്കും.

"നവലോകം കെട്ടിപ്പടുത്താം,
സന്നദ്ധരായ കുരുന്നുകൾകൊണ്ട്..."



# I REMEMBER....

Rishada.v.k 10A

A smell that brings back memories,
Memories that can feel your soul.
Memories that given as
remember of him or her or
something special of life.
Life’s beautiful features are our
memories..
Life is fill of colourful memories.
People who lived in the world,
Definitely have something special
memories.




Memories are all soul of persons.
The mind go to the memories getting rejoice,
Memories comes in life.
Its sit of sound of our life,
The memories can make you heel the soul,
The life full of enjoyment,
Memories will search you,
Then, smell that brings back memories,
They have bring memories,
To heart of a person’s life...

# *HOW CAN I FORGET*

***BHOOMIKA -10 A***



*When i was sitting in a bus*
*I heard a sound*
*I saw thousand images*
*But i smelt only one*
*Which was very favourable one*

*Puzzled at that time*
*And slowly i realizes that*
*It was on my back seat*

*The person who saved my life"fishermen"*

*In the time of flood*
*I was suffering from death*
*only a few seconds distance*

*Suddenly a hand of god*
*Took me into the boat*
*And when i opened my eyes*
*I was in hospital*

*"Isay thank you to him from my heart"*

*And then i see him now*
*But in my memories he always*
*Like a burning sun*

*And gods hand*

# ഇക്കിഗായി എന്ന ജീവിത സൂത്രം

മുജീബ് റഹ്മാൻ-അറബിക് ടീച്ചർ

‘ഇക്കിഗായി’ ഒരു ജപ്പാൻ വാക്കാണ്. കിഴക്കൻ ചൈന കടലിൽ ജപ്പാന്റെ ഭാഗമായ കൊച്ചു ദ്വീപായ ഒക്കിനാവ നിവാസികൾ അനുവർത്തിക്കുന്ന ഒരു ജീവിത തത്വമാണ് ‘ഇക്കിഗായി’ എന്നറിയപ്പെടുന്നത്. ഈ ദ്വീപ് ലോകത്ത് ഏറ്റവും ദീർഘായുസുള്ളവർ സന്തോഷത്തോടെ ജീവിക്കുന്നവരുടെ നാട് എന്ന നിലയിൽ ലോക പ്രശസ്തമാണ്. ഒക്കിനാവക്കാരുടെ ജീവിത വിജയത്തിന്റെ മാർഗം 'ഇക്കിഗായി'യാണ്.




ഓരോ ദിവസവും പ്രഭാതത്തിൽ താൻ ഉണരുന്നത് എന്തിനുവേണ്ടിയാണ് എന്നതിനുള്ള ഉത്തരം പ്രായോഗികമാകുന്ന ജീവിതരീതിയാണിത്. ജീവിതം അലസമായി കളയാനുള്ളതല്ലെന്നും ഓരോ ദിവസവും തനിക്ക് പലതും ചെയ്യാനുണ്ടെന്നും അവർ വിശ്വസിക്കുന്നു. അതായത് ജീവിക്കാൻ അവർക്കൊക്കെ ഓരോ

കാരണങ്ങളുണ്ട്. അവർ ഓരോ ദിവസവും പുലരുന്ന് എണീറ്റ് വരുന്നത്
ചിലത് ചെയ്ത് തീർക്കാനുണ്ടെന്ന ചിന്തയിലായിരിക്കും.

ഒന്ന് ചിന്തിച്ച നോക്കൂ. നാളെ
ഇന്ന കാര്യം ചെയ്യാനുണ്ടെന്ന് മനസ്സിൽ കുറിച്ചാണോ നിങ്ങൾ രാത്രി ഉറങ്ങാറുള്ളത്?. നിങ്ങൾക്ക് ഒരു 'ഇക്കിഗായി' ശീലമുണ്ടോ? ഇതിന് ഉത്തരം കണ്ടെത്തണമെങ്കിൽ മറ്റ് നാലു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണം.

1. നിങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ നിങ്ങൾ ഇഷ്ടപ്പെടുന്നവയാണോ?
വൈകാരികമായ പ്രതിബദ്ധതയോടെ ആണോ കാര്യങ്ങൾ ചെയ്യുന്നത്?. അല്ലെങ്കിൽ യാന്ത്രികമായി, ഇഷ്ടമില്ലാത്ത കാര്യങ്ങളാണോ ആവർത്തിക്കുന്നത്?

2. നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ കൊണ്ട് സമൂഹത്തിന് എന്തെങ്കിലും ഗുണങ്ങളുണ്ടോ? നമ്മുടെ പ്രവൃത്തികൾ മറ്റുള്ളവർക്ക് എത്രത്തോളം ഗുണപ്രദമാണ്?

3. നിങ്ങൾക്ക് മികവ് പുലർത്താൻ കഴിയുന്ന കാര്യങ്ങളാണോ ചെയ്യുന്നത്? നമ്മുടെ അറിവും അനുഭവവും അഭിരുചിയും ഉള്ള കാര്യങ്ങളിലാണോ കൂടുതൽ ശ്രദ്ധ കൊടുക്കാറുള്ളത്?

4. നിങ്ങൾ അനുദിനം ചെയ്യുന്ന പ്രവൃത്തികളിൽ നിന്നും തൃപ്തികരമായ പ്രതിഫലം ലഭിക്കാറുണ്ടോ?

ഇഷ്ടത്തോടെ ചെയ്യാൻ പറ്റുന്ന, മറ്റുള്ളവർക്ക് പ്രയോജനപ്രദമാകുന്ന, സ്വന്തം കഴിവുകളെ പ്രകടിപ്പിക്കാൻ കഴിയുന്ന, അതിലൂടെ പ്രതിഫലം ലഭ്യമാകുന്ന എന്തെങ്കിലും ഓരോ ദിവസവും ചെയ്യാനുണ്ടെങ്കിൽ പ്രഭാതത്തിൽ ഉൽസാഹത്തോടെ ഉണരാൻ കഴിയും എന്നതാണ് ഇക്കിഗായി തത്വത്തിന്റെ ആകെത്തുക. കാലത്ത് ഉണരാൻ നിങ്ങൾക്ക് ഉൽസാഹം നൽകുന്ന കാരണമാണ് 'ഇക്കിഗായി'.

നമ്മൾ അനുദിനം ചെയ്യുന്ന പ്രവർത്തനങ്ങളെ വിലയിരുത്തുക. എന്നിട്ട് ഈ തത്വം അതിലുണ്ടോ എന്ന് നോക്കുക. ഇല്ലെങ്കിൽ ഇക്കിഗായി അനുസരിച്ച് ഒന്ന് മാറി നോക്കൂ.

***ആയുരാരോഗ്യം വർധിപ്പിക്കുവാനും ഓരോ ദിനങ്ങളും ഉൻമേഷഭരിതമാക്കുവാനും' അതുവഴി നിങ്ങൾക്ക് കഴിയും.***





# A Blessing That Touched Me.

When I feel lonely you come to me.
You come to me like an Angel.
Who has the power to transform me to a new being.
A new being who can forgive, care, love anyone
whether it's a friend or an enemy
You touched my soul, your touch has a magic which
makes me obey you like a child who is so innocent.

You are so pure, so precious, so saintly,
Thou has the power of turning my senses, my thoughts, my deeds.
When your memories flew over me, my mind tells me to do the right things,
forgive others, who trespass against me. Be calm and patient.

Oh! God, I'm thankful to you, because you are the bridle to guide, to control,
to protect, to care and to love.
I believe you are the messenger, send for me alone
Thou has the power so Divine. Your voice makes me healed, your touch makes me calm,
your care makes me happy, your love which is hidden in my heartmakes me perfect.









